പത്രക്കുറിപ്പ്
15-3-2017

**കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ**
**ദ്വിദിന ദേശീയ ശിൽപശാല**
**17,18 തീയതികളിൽ**

തിരുവനന്തപുരം: കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷന്റെ (എൻ.ആർ.ഒ) ആഭിമുഖ്യത്തിൽ പൂവാർ ഐലൻഡ് റിസോർട്ടിൽ ദ്വിദിന ദേശീയ ശിൽപശാല സംഘടിപ്പിക്കുന്നു. എൻ.ആർ.ഓയുടെ നേതൃത്വത്തിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലൂടെ പതിനൊന്നോളം സംസ്ഥാനങ്ങളിലെ ഗ്രാമീണമേഖലയിൽ ഉണ്ടായ മാറ്റങ്ങൾ, വികസനം, സ്ത്രീശാക്തീകരണം എന്നിവ സംബന്ധിച്ച അനുഭവകഥകൾ പങ്കുവയ്ക്കുന്നതിനും കുടുംബശ്രീ പ്രവർത്തനങ്ങളുടെ സ്വാധീനം തിരിച്ചറിയുന്നതിനുമാണ് ശിൽപശാല സംഘടിപ്പിക്കുന്നത്.

ഇതരസംസ്ഥാനങ്ങളിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള പഞ്ചായത്ത് രാജ് സംവിധാനവും സാമൂഹ്യസംഘടനാസംവിധാനവും തമ്മിലുള്ള സംയോജനവും അതു സംബന്ധിച്ച വിജയകഥകളും ശിൽപശാലയിൽ പങ്കുവയ്ക്കും. കുടുംബശ്രീ മാതൃകയിൽ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുകയും സൂക്ഷ്മസംരംഭങ്ങൾ ആവ്ഷ്കരിച്ച് നടപ്പാക്കുകയും ചെയ്തതിലൂടെ വരുമാനവും ജീവിതപുരോഗതിയും നേടിയ ഇതര സംസ്ഥാനങ്ങളിലെ ഇരുപതോളം ഗ്രാമീണ വനിതകൾ ശിൽപശാലയിലെ പാനൽ ചർച്ചയിൽ പങ്കെടുത്ത് തങ്ങളുടെ കുടുംബശ്രീ വിജയാനുഭവ കഥകൾ പങ്കുവയ്ക്കും.

രണ്ടു ദിവസങ്ങളിലായി നടത്തുന്ന ശിൽപശാലയിൽ ഉപജീവന പദ്ധതികളും അവസരങ്ങളും പ്രോത്സാഹിപ്പിക്കുന്നതിൽ സംയോജനത്തിന്റെ പ്രാധാന്യം, ദാരിദ്ര്യവിമുക്ത ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിൽ അവകാശാധിഷ്ഠിത സമീപനത്തിന്റെ പ്രസക്തി, ലിംഗസമത്വത്തിനും ലിംഗനീതിയ്ക്കുമായുള്ള പരിശ്രമം എന്നീ വിഷയങ്ങളിൽ പാനൽ ചർച്ച സംഘടിപ്പിക്കും.

ദേശീയ ഗ്രാമീണ ഉപജീവന മിഷൻ(എൻ.ആർ.എൽ.എം) ജോയിന്റ് സെക്രട്ടറി, സ്റ്റേറ്റ് മിഷൻ ഡയറക്ടർമാർ, നാഷണൽ മിഷൻ മാനേജ്മെന്റ് യൂണിറ്റ് പ്രതിനിധികൾ, സ്റ്റേറ്റ് റൂറൽ ലൈവ്ലിഹുഡ് മിഷൻ പ്രതിനിധികൾ, ഇതരസംസ്ഥാനങ്ങളിലെ അയൽക്കൂട്ട-സ്വയംസഹായ സംഘങ്ങളിലെ വനിതകൾ, കുടുംബശ്രീ പ്രവർത്തകർ എന്നിവർ ശിൽപശാലയിൽ പങ്കെടുക്കും.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ